(സി) പ്രസ്തുത കത്തിന്റെ ഉറവിടം സംബന്ധിച്ച് ടൂറിസം വകുപ്പ്, വകുപ്പുതല അന്വേഷണം നടത്തിയിരുന്നുവോ ; ഇല്ലെങ്കിൽ സർക്കാർ തലത്തിൽ മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നിയമ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം വ്യാജരേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് ഈ വ്യാജ കത്തിന്റെ ഉറവിടം അന്വേഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ 4-9-1999 തീയതിയിലെ കത്തുപ്രകാരം ഇ 11/99/641 നമ്പരായുള്ള ഒരു കത്ത് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ടൂറിസം ഡയറക്ടറേറ്റിലേക്ക് അയച്ചിരുന്നില്ല എന്നറിയിച്ചിരുന്നു. വകുപ്പിൽനിന്നും ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്നവരുടെ എണ്ണം 5-ൽ കൂടരുതെന്നായിരുന്നു വ്യാജ കത്തിലെ ഉള്ളടക്കം. കത്ത് വ്യാജമാണെന്ന് മനസ്സിലായതുകൊണ്ട് മുൻതീരുമാനപ്രകാരം 9 പേരെയും ട്രെയിനിംഗിന് നിയോഗിച്ചു.

(സി) വ്യാജ കത്തുമൂലം വകുപ്പിനോ മറ്റേതെങ്കിലും വ്യക്തികൾക്കോ കഷ്ടനഷ്ടങ്ങൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ഇതിൻമേലുള്ള കൂടുതൽ അന്വേഷണം അവസാനിപ്പിക്കുകയും മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെ കൊണ്ട് അന്വേഷിക്കുന്നകാര്യം പരിഗണിച്ചതുമില്ല.

(ഡി) പ്രസ്തുത സംഭവം നടന്നിട്ട് 10 വർഷത്തിലധികമായതിനാലും, ഇതുമൂലം സർക്കാരിനോ മറ്റേതെങ്കിലും വ്യക്തികൾക്കോ യാതൊരുവിധ കഷ്ടനഷ്ടങ്ങളും ഉണ്ടായിട്ടില്ലയെന്ന കാരണത്താലും കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്ന ഫ്രണ്ട് ഓഫീസ് കോഴ്സിന് സമാനമായ കോഴ്സ്

105 (1575) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ നടത്തി വരുന്ന ഒരു വർഷത്തെ കോഴ്സായ ഫ്രണ്ട് ഓഫീസിന് സമാനമായി മുൻകാലങ്ങളിൽ നടത്തിയിരുന്ന അംഗീകാരമുള്ള കോഴ്സുകളുടെ പേര് വെളിപ്പെടുത്തുമോ ?

ഉത്തരം

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിലവിൽ നടത്തിവരുന്ന ഒരു വർഷത്തെ കോഴ്സായ ഫ്രണ്ട് ഓഫീസ് ഓപ്പറേഷന് സമാനമായി മുൻകാലങ്ങളിൽ ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് &ടൈപ്പ്റൈറ്റിംഗ് എന്ന അംഗീകാരമുള്ള കോഴ്സാണ് നടത്തിയിരുന്നത്. 1994 മുതൽ ഈ കോഴ്സിന്റെ പേര് ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ എന്നാക്കി മാറ്റിയിട്ടുണ്ട്. വിശദവിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly